## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## കൊല്ലം ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4062 — 16-05-2017-ൽ മറുപടി നല്കേണ്ടിയിരുന്നത്

ചോദ്യം — മറുപടി

| | ശ്രീ. എം. മുകേഷ് | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടി ക്രമം വ്യക്തമാക്കാമോ; | (എ) | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും നബാർഡ് പദ്ധതികൾക്ക് വേണ്ട പ്രൊപ്പോസലുകൾ ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസലുകളിൽ നിന്നും സർക്കാർ അംഗീകരിച്ച് നൽകുന്ന പ്രവൃത്തികളുടെ ഡി.പി.ആർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങി നബാർഡ് അംഗീകാരം ലഭ്യമാക്കി ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത്; | (ബി) | 1. കൃഷിയും അനുബന്ധ മേഖലകളും<br>2. സാമൂഹിക മേഖല<br>3. ഗ്രാമീണ റോഡുകളും പാലങ്ങളും |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (സി) | വിശദാംശം ചുവടെ ചേർക്കുന്നു.<br>1. പുന്നൂർ-കളയ്ക്കൽ എടപ്പനയം റോഡ് പുനരുദ്ധാരണ പ്രവൃത്തി - നെടുമ്പന ഗ്രാമ പഞ്ചായത്ത്<br>2. പള്ളിമൺ ഗവ. എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം - കൊല്ലം ജില്ലാ പഞ്ചായത്ത്<br>3. കൊറ്റംകുളങ്ങര വി.എച്ച്.എസ്.എസ് കെട്ടിട നിർമ്മാണ പ്രവൃത്തി - ചവറ ബ്ലോക്ക് പഞ്ചായത്ത്<br>4. കുളക്കട എച്ച്.എസ്.എസ് കെട്ടിട നിർമ്മാണ പ്രവൃത്തി - വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് |
| (ഡി) | നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽ നിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന നടപടി നടന്നുവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ